II ഇ.ബി. XV-കേരള നിയമസഭ/II-10

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ആഗസ്റ്റ് 4, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26 (*271) കോവിഡ് മരണങ്ങൾ സംബന്ധിച്ച കണക്കുകളിലെ അന്തരം

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത് ഡബ്ല്യു.എച്ച്.ഒ.-യും ഐ.സി.എം.ആർ.-ഉം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണെന്നും ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലകളിൽനിന്നും അയച്ചുതന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും 2021 ജൂൺ 30 വരെ 13325 കോവിഡ് മരണങ്ങളാണ് സ്ഥിരീകരിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു.

മരണകാരണം കോവിഡ്മൂലമാണോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർതന്നെയാണ് സ്ഥിരീകരിക്കുന്നതെന്നും 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണെന്നും മന്ത്രി വ്യക്തമാക്കി. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺകോവിഡ് എന്നിങ്ങനെ തരംതിരിക്കുന്നത്. Brought dead ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധന നിർബന്ധമാക്കുകയും വീട്ടിൽ വച്ച് മരണമടയുന്ന കോവിഡ് രോഗികളുടെ വിവരങ്ങൾ അതാത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയും ജില്ലാ മെഡിക്കൽ ഓഫീസർ 24 മണിക്കൂറിനകം സ്ഥിരീകരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും മരണപ്രഖ്യാപന രേഖ (ജൂൺ 15 വരെ), ലൈൻ ലിസ്റ്റ് എന്നിവ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസുകളിലും പഞ്ചായത്തുതല ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാക്കുകയും Death Declaration Document ബന്ധുക്കൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. 2020 ജൂലൈ മുതലുള്ള ഒരു വർഷത്തെ കോവിഡ് മരണങ്ങൾ പരിശോധിച്ച് വിട്ടുപോയവയുണ്ടെങ്കിൽ അവകൂടി ഉൾപ്പെടുത്തി കാലതാമസംകൂടാതെ പുതുക്കിയ ലിസ്റ്റ്

പ്രസിദ്ധീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27 (*272) <u>സച്ചാർ കമ്മീഷൻ റിപ്പോർട്ട്</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് മൈനോറിറ്റി സെൽ രൂപീകരിച്ചിട്ടുണ്ടെന്നും ന്യൂനപക്ഷ സമുദായത്തിന് നൽകി വരുന്ന സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി പരാതികൾക്ക് ഇടനൽകാത്തവിധം നിലവിൽ ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന തുകയിലോ എണ്ണത്തിലോ കുറവുണ്ടാകരുതെന്ന വ്യവസ്ഥയോടെ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പാലൊളി കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ മുസ്ലീം വിഭാഗത്തിന് ആറ് സ്കോളർഷിപ്പുകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളിൽ കുറവുണ്ടാകുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണെന്നും മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായം ഉറപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

28(*273) <u>കേസുകൾ രജിസ്റ്റർ ചെയ്യുന്നതിലെ വീഴ്ച</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇവർക്കു നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എല്ലാ മാസവും ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ കേസുകളുടെ പുരോഗതി വിലയിരുത്തി അന്വേഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും താമസയിടങ്ങളിൽ ചെന്ന് നേരിട്ട് പരാതി സ്വീകരിക്കുന്ന രീതി നടപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിന് 'അപരാജിത' പോർട്ടൽ സംവിധാനം, സൈബർ അതിക്രമങ്ങൾ, സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് എന്നിവ രൂപീകരിച്ചിട്ടുണ്ട്. പാലത്തായി കേസിൽ അന്വേഷണം

പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുകയും അട്ടപ്പള്ളത്ത് പെൺകുട്ടികളുടെ മരണവുമായി ബന്ധപ്പെട്ട കേസന്വേഷണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല ശിക്ഷാനടപടി സ്വീകരിക്കുകയും കുണ്ടറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1776/2021 കേസിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജയിൽ ഭരണസംവിധാനം ശക്തമാക്കുമെന്നും ജയിൽ നിയമങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും പോക്സോ കേസുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

## 29(*274) ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കോവിഡ്- 19 ന്റെ വ്യാപനം തടയാൻ സ്വീകരിക്കേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം സമ്പദ്ഘടനയ്ക്കും ജനങ്ങളുടെ

ഉപജീവനത്തിനും ഉണ്ടായ പ്രത്യാഘാതങ്ങൾ നേരിടുന്നതിന് വിവിധ മേഖലകൾക്കായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും വ്യാപാരി-വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരികയാണെന്നും സഭയെ അറിയിച്ചു. ലോക്ഡൗൺ കാലത്ത് സാമൂഹ്യ അടുക്കളകൾ നടത്താനും അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനുമായി ദുരന്തപ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിച്ചിട്ടുണ്ടെന്നും എല്ലാ കാർഡുടമകൾക്കും അതിജീവനക്കിറ്റുകളും സബ്സിഡി നിരക്കിൽ അധിക ധാന്യവിഹിതവും വിതരണം ചെയ്തുവരുന്നുണ്ടെന്നും ക്ഷേമ പെൻഷനുകൾ 1600 രൂപയായി വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ നൽകുന്നുണ്ടെന്നും പെൻഷനുകളൊന്നും ലഭിക്കാത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സമാശ്വാസമായി രണ്ടു തവണ 1000 രൂപ വീതം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സർക്കാർ കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ ഒഴിവാക്കുകയും Micro, Small and Medium Enterprises-കൾക്ക് പലിശയിളവ് നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക്

കോവിഡിന്റെ ഒന്നാംഘട്ടത്തിൽ സർക്കാർ സഹായത്തോടെ 1000 മുതൽ 3000 രൂപ വരെയും തനതു ഫണ്ടിലൂടെ 1000 മുതൽ 5000 രൂപ വരെയും രണ്ടാം ഘട്ടത്തിൽ 1000 രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30-ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം പലിശ സർക്കാർ വഹിക്കുന്നതാണ്. കെ.എഫ്.സി.-യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചിട്ടികളുടെ പിഴപ്പലിശ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ബ്യൂട്ടീഷ്യൻ ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് പ്രതിമാസം 2000 രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും ഈ കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം നടത്തുന്നതിനും ബിരുദതലം വരെയുള്ള പഠന ചെലവുകൾ വഹിക്കുന്നതിനും ഉത്തരവായിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.